**Malayala Manorama**

**18 August 2018**

**Kuthiran, Landslide**

# കുതിരാനിൽ വീണ്ടും മണ്ണിടിച്ചിൽ

**മനോരമ ലേഖകൻ**

കുതിരാൻ ● ദേശീയപാതയിൽ കുതിരാനിൽ മണ്ണിടിച്ചിൽ തുടരുന്നു; രണ്ടു കിലോമീറ്ററിനുള്ളിൽ ആറിടത്തു മണ്ണിടിഞ്ഞു. മണ്ണുത്തി-വടക്കഞ്ചേരി പാതയിൽ ഗതാഗതം പുനഃസ്ഥാപിച്ചില്ല. മണ്ണിടിച്ചിൽ തുടരുന്നതിനാൽ പാതയിലെ മണ്ണ് പൂർണമായും നീക്കം ചെയ്യാനായില്ല. കുതിരാനിൽ മലയുടെ തെക്കുഭാഗത്ത് നാലും വടക്ക് രണ്ടും സ്ഥലങ്ങളിലാണു മണ്ണിടിഞ്ഞത്.

2007ൽ മണ്ണിടിച്ചിൽ ഉണ്ടായതിനെ തുടർന്നു സ്ഥാപിച്ച കരിങ്കൽ ഭിത്തിയുടെ ഒരു ഭാഗമുൾപ്പെടെ 70 അടി ഉയരത്തിൽനിന്നു മണ്ണിടിഞ്ഞു പാതയിലേക്കു വീണിരുന്നു. വ്യാഴാഴ്ച രാവിലെ കുതിരാൻ വനവിജ്ഞാനകേന്ദ്രത്തിനു സമീപത്തുണ്ടായ മണ്ണിടിച്ചിലിലാണ് വാഹനങ്ങൾ തകർന്നതും കാറിനുള്ളിൽപ്പെട്ട ഡ്രൈവർ മരിച്ചതും.

ക്ഷേത്രത്തിനു സമീപം പാതയുടെ വടക്കുഭാഗത്ത് റോഡിന്റെ ഒരു വശം ഉൾപ്പെടെ മണ്ണിടിഞ്ഞ് 20 അടി താഴ്ചയിലേക്കു പതിച്ചു. കുതിരാൻ തുരങ്കത്തിലേക്കുള്ള അപ്രോച്ച് റോഡിലേക്കും മലയിടിഞ്ഞു വീണു. മണ്ണ് നീക്കാനുള്ള ജോലികൾ തുടരുകയാണ്.